# “തിരഞ്ഞെടുപ്പ്”

“തിരഞ്ഞെടുപ്പ്” എന്ന പദം ഏവർക്കും സുപരിചിതമാണ്. ജീവിതത്തിൽ പല തിരഞ്ഞടുപ്പുകൾക്കും നാം അധീനരായിത്തീരേണ്ടിവരും. വിദ്യാഭ്യാസം, കൂട്ടുകെട്ട്, ഭവനം, ജോലി, വിവാഹം എന്നിവയ്ക്കെല്ലാം ബുദ്ധിപൂർവ്വമായ തിരഞ്ഞെടുപ്പ് ആവശ്യമാണ്. നാം ഉപയോഗിക്കുന്ന സകലതും തിരഞ്ഞെടുക്കപ്പെട്ടവയാണ്. രാജ്യത്തിലെ ഭരണാധികാരികളെയും നാം ശ്രദ്ധയോടെ തിരഞ്ഞെടുക്കുന്നു. ഇവയെല്ലാം ഐഹികജീവിതത്തോടു ബന്ധപ്പെട്ടുള്ള തിരഞ്ഞെടുപ്പുകളാണ്. ഇഹലോകജീവിതം ശാശ്വതമല്ലെന്നോർക്കുക. ഏതു നിമിഷവും നാം ഇവിടെ നിന്നു മാറ്റപ്പെടാം. ഭൂമിയിലെ അല്പകാലവാസത്തിനു ശേഷം സകലരും ചെന്നെത്തുന്നത് നിത്യതയിലാണ്. അതു സ്വർഗ്ഗസന്തോഷത്തിലോ നരകയാതനയിലോ ആകാം. മരണാനന്തരം നമുക്കു ലഭിക്കുന്ന നിത്യജീവിതം സ്വർഗ്ഗത്തിലായിരിക്കണമെങ്കിൽ ജീവിച്ചിരിക്കുമ്പോൾത്തന്നെ ഒരു തിരഞ്ഞെടുപ്പു അനിവാര്യമായിരിക്കുന്നു. എന്നാൽ നരകത്തിലേക്കു പോകുന്നതിനു പ്രത്യേക തിരഞ്ഞെടുപ്പിന്റെ ആവശ്യവുമില്ല.

ദൈവവചനമായ ബൈബിളിൽ യേശുക്രിസ്തു രണ്ടു വാതിലിലൂടെയുള്ള വഴികളെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നു. “*ഇടുക്കുവാതിലിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതു; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ*”(മത്തായി.7:13,14). വിശാലമായ വഴിയിലൂടെ സഞ്ചരിക്കാൻ ഏറെ സുഖവും അതിലൂടെയുള്ള യാത്രാനുഭവങ്ങൾ മനസ്സിനും, ദൃഷ്ടിക്കും, ശരീരത്തിനും സംതൃപ്തി നൽകുന്നതുമായിരിക്കും. ലോകത്തിന്റെ നിമിഷസന്തോഷത്തിന്റെ ഈ പാത താത്ക്കാലികമാണ്. അത് വെള്ളത്തിൻകുമിളപോലെ മനോഹരമെങ്കിലും നൈമിഷികമത്രേ. അതിന്റെ അന്ത്യം പാപത്തിലുള്ള മരണമാണ്. കശാപ്പിനായി അറവുശാലയിലേക്കു നയിക്കപ്പെടുന്ന തിരിച്ചറിവില്ലാത്ത സാധുജന്തുക്കളുടെ അനുഭവമായിരിക്കും അവരുടെ ജീവിതാന്ത്യം. മനുഷ്യന്റെ പാപപ്രകൃതി, നാശത്തിന്റെ വഴി മുന്നമേ മനസ്സിലാക്കുവാൻ സഹായിക്കുന്നതുമില്ല. നിത്യസന്തോഷത്തിലേക്കു നയിക്കുന്ന വഴി ഇടുക്കമുള്ളതാണ്. അതിലൂടെയുള്ള ലോകയാത്ര ഏറെ പ്രയാസവും കഷ്ടതയും നിറഞ്ഞതെങ്കിലും ആശ്വാസപ്രദനായ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കുവാൻ കഴിയും. ബുദ്ധിയോടെ ദൈവവഴി തിരഞ്ഞെടുത്ത സഹയാത്രകരായ ദൈവമക്കളുടെ കൂട്ടായ്മയും സ്നേഹവും അവിടെ ഉണ്ടായിരിക്കും.

താങ്കളുടെ ലോകയാത്രാമദ്ധ്യേ വഴികാട്ടിയായി, രക്ഷകനായി ഒരാൾ നിൽപ്പുണ്ട്. “*ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു*” (യോഹ.14:6) എന്നു പ്രസ്താവിച്ച കർത്താവായ യേശുക്രിസ്തു. മകനേ, മകളേ വഴി ഇതാണ്, ഇതിലേ നടന്നുകൊള്ളൂ എന്നു പറയുന്ന യേശുകർത്താവിന്റെ വാക്കുകളെ താങ്കൾ ശ്രദ്ധിക്കുമോ? സന്തോഷഭവനത്തിൽ എത്തിക്കുവാൻ കഴിവുള്ള യഥാർത്ഥ

[മറുപുറം]

വഴികാട്ടിയായ ഈ ലോകരക്ഷിതാവിന്റെ വഴി നിങ്ങൾ തിരഞ്ഞെടുക്കുമോ? മനുഷ്യന്റെ ആത്മാവിന്റെ രക്ഷ ഈ യേശുക്രിസ്തുവിലൂടെ മാത്രമാണ്.

ലോകത്തിലെ സകല മനുഷ്യർക്കും രക്ഷ പ്രാപിക്കുവാൻ ആഗ്രഹമുണ്ട്. അതിനായി അവർ മതങ്ങളിൽ ആശ്രയിക്കുന്നു. സൽക്കർമ്മങ്ങൾ ചെയ്തും, ധനം കൊടുത്തും മോക്ഷം പ്രാപിക്കുവാൻ മതങ്ങൾ അനുശാസിക്കുന്നു. എന്നാൽ ക്രിസ്തുമാർഗ്ഗം ലോകരക്ഷകനായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്ന രക്ഷയെ പ്രസിദ്ധമാക്കുന്നു. മതം മാറിയോ, ധനം കൊടുത്തോ, പുണ്യപ്രവൃത്തികൾ ചെയ്തോ പ്രാപിക്കാവുന്നതല്ല ഈ വിലയേറിയ രക്ഷ. മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി യേശുക്രിസ്തു കാൽവറിയിൽ സ്വന്തജീവൻ നൽകി രക്ഷാമാർഗ്ഗം ഒരുക്കിയതിനാലാണ് രക്ഷ ഇത്ര വിലയേറിയതെന്നു പറയുന്നത്.

പ്രിയസ്നേഹിതാ, താങ്കളുടെ ജീവിതത്തിൽ ഏതു വഴി തിരഞ്ഞെടുക്കും? സ്വർഗ്ഗത്തിലേക്കുള്ള പാത തിരഞ്ഞെടുത്താൽ എല്ലാനാളും ദൈവം ഉപദേശം നൽകി വഴിനടത്തും എന്ന വാഗ്ദത്തം ഉണ്ട്. “*നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്കു പിറകിൽനിന്നു കേൾക്കും*” (യെശയ്യാവ്.30:21). “*ഞാൻ നിന്നെ ഉപദേശിച്ചു, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും; ഞാൻ നിന്റെമേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞുതരും*” (സങ്കീർത്തനങ്ങൾ.32:8). വഴിയിൽ വെച്ചു നശിക്കാതിരിപ്പാൻ പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചു യേശുക്രിസ്തുവിനെ രക്ഷിതാവും, കർത്താവുമായി സ്വീകരിക്കുമോ?

സ്വർഗ്ഗസന്തോഷത്തിലേക്കു നയിക്കുന്ന പാത തിരഞ്ഞെടുത്തു സഞ്ചരിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ വിശ്വാസത്തോടെ ഇപ്രകാരം പ്രാർത്ഥിക്കുക --“*യേശുകർത്താവേ, ഞാൻ ലക്ഷ്യബോധമില്ലാതെ ലോകവഴിയിൽ ആയിരിക്കുന്നു. എന്നെ രക്ഷിപ്പാനായി അങ്ങ് ഈ ലോകത്തിൽ വന്നു. എന്റെ പാപങ്ങൾക്കു പരിഹാരമായി ക്രൂശിൽ മരിച്ചു; അടക്കപ്പെട്ടു; മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങൾ ക്ഷമിക്കേണമേ. അങ്ങയെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. അങ്ങയുടെ പാതയിൽ ഇനിമേൽ ജീവിക്കുവാൻ ഞാൻ തീരുമാനിക്കുന്നു.*”

*യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയെക്കുറിച്ച് കൂടുതൽ അറിയുവാനും സുവിശേഷപുസ്തകങ്ങൾ, ബൈബിൾ (പുതിയനിയമം) എന്നിവ സൗജന്യമായി ലഭിക്കുന്നതിനും, താങ്കൾക്കായി പ്രാർത്ഥിക്കുന്നതിനും ദയവായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെട്ടാലും.*

Samson Henry
Zion, Aradhana Nagar - 22
Behind Sanker's Hospital,
Kollam - 691 001
*(സാംസൺ ഹെൻറി, സീയോൻ, ആരാധന നഗർ -22, കൊല്ലം - 691 001)*
Phone: 0474-2741115, E-mail: biblegoodnews@gmail.com
Web: biblegoodnews.com